# മാന്ത്രികക്കണ്ണാടിയും സ്നോവൈറ്റും

ഗ്രിം ബ്രദേഴ്സ്

പുനരാഖ്യാനം: വർഷിണി വിനോദിനി

സ്നോവൈറ്റിന്റെ നിഷ്കളങ്കതയും അപേക്ഷയും അയാളുടെ മനസ്സലിയിച്ചു. സ്നോവൈറ്റ് ഏതെങ്കിലും വന്യജീവിക്ക് ഇരയായിക്കൊള്ളുമെന്ന് കരുതി അയാൾ അവളെ വനത്തിനുള്ളിലേക്ക് വെറുതെ വിട്ടു.

രാജ്ഞി തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കി എന്നറിയിക്കുവാനായി ഒരു മാൻകുഞ്ഞിനെ വകവരുത്തി അതിന്റെ രക്തം തെളിവിനായി അയാൾ കൈയിൽ കരുതി. അല്ലെങ്കിൽ കഠിനഹൃദയയായ ആ സ്ത്രീ ശിക്ഷിക്കുമെന്ന് ഉറപ്പായിരുന്നു.

വനത്തിൽ അകപ്പെട്ട അമ്മയില്ലാത്ത പാവം പെൺകുട്ടി മരങ്ങൾക്കിടയിൽ പേടിച്ചലഞ്ഞു. വന്യജീവികൾ അവൾക്കരികിലൂടെ സഞ്ചരിക്കുന്നുണ്ടായിരുന്നെങ്കിലും അവയിലൊന്നു പോലും അവളെ ഉപദ്രവിച്ചില്ല.

മരങ്ങൾക്കും മൃഗങ്ങൾക്കുമിടയിലൂടെ ഏറെ ദൂരം ഓടി തളർന്ന അവൾ അവസാനം എത്തിപ്പെട്ടത് മനോഹരമായൊരു കൊച്ചു വീടിനു മുന്നിലായിരുന്നു. ആ കാഴ്ച അവളെ കുറച്ചൊന്നുമല്ല സന്തോഷിപ്പിച്ചത്. പക്ഷേ, കതക് തുറന്നു കിടന്നിരുന്ന ആ വീടിനകത്ത് ആരെയും കാണുവാനായില്ല.

വളരെ കൊച്ചു ഗൃഹമായിരുന്നു അതെങ്കിലും ആ വീടിനകം വളരെ വൃത്തിയും വെടിപ്പുമുള്ളതായി കാണപ്പെട്ടു. ഒരു മുറിയുടെ നടുക്കായി മഞ്ഞിൻ വെൺമപോലെ തൂവാലകൊണ്ടലങ്കരിച്ച ഒരു കൊച്ചു തീന്മേശയും ഉണ്ടായിരുന്നു. അതിൽ തയ്യാറാക്കിവെച്ച അത്താഴവും, ഏഴ് കൊച്ചു തളികകളും ഏഴ് കൊച്ചു കരണ്ടികളും ഏഴ് കൊച്ചു കത്തികളും മുൾകരണ്ടികളും ഏഴ് കോപ്പകളും നിരത്തിവെച്ചിരുന്നു.

ചുവരിനൊരുവശത്തായി വെളുത്ത കോസടികൾകൊണ്ട് ഭംഗിയായി വിരിച്ച ഏഴ് കൊച്ചു മെത്തകളും ഉണ്ടായിരുന്നു.





വിശന്നുവലഞ്ഞെത്തിയ സ്നോവൈറ്റ് ഓരോന്നിൽ നിന്നും അൽപാൽപം ഭക്ഷണമെടുത്ത് കഴിച്ചു. ഒരു കോപ്പയിൽനിന്ന് ഒരു തുള്ളി വീഞ്ഞും കുടിച്ച് ദാഹമകറ്റി. ഒരാൾ മാത്രം പട്ടിണിയാവരുത് എന്ന നല്ല മനസ്സോടെയാണ് പലതിൽ നിന്നുമായി അൽപം വീതം കഴിച്ചത്.

വയർ നിറഞ്ഞ സ്നോവൈറ്റിനിപ്പോൾ ക്ഷീണമകറ്റാൻ നല്ല ഉറക്കം ആവശ്യമായിരുന്നു. ഏഴ് മെത്തകളിൽനിന്നും തനിക്ക് യോജിച്ചത് ഏഴാമത്തെതായവൾ തിരഞ്ഞെടുത്തു. വെളുത്ത നനുത്ത കോസടി പുതച്ച് താമസിയാതെ സുഖനിദ്രയിലേക്കവൾ വീണു.

നേരം ഇരുട്ടിത്തുടങ്ങിയപ്പോഴേക്കും ആ കൊച്ചു വീടിന്റെ ഉടമസ്ഥർ വീട്ടിൽ തിരിച്ചെത്തി. അവർ ഖനിത്തൊഴിലാളികളായ ഏഴ് കുള്ളന്മാരായിരുന്നു. മലനിരകളിൽനിന്ന് ജോലി കഴിഞ്ഞ് തിരിച്ചെത്തിയതായിരുന്നു അവർ. വീടിനകത്ത് വെളിച്ചം തെളിയിച്ചപ്പോഴാണവർ ഒരു കാര്യം ശ്രദ്ധിച്ചത്. തങ്ങൾ രാവിലെ വീടു വിടുമ്പോഴുണ്ടായിരുന്ന അടുക്കും ചിട്ടയും ഇപ്പോഴില്ല.

''എന്റെ കൊച്ചു കസേരയിൽ ആരോ ഇരുന്നിട്ടുണ്ട്.'' ഒന്നാമൻ പറഞ്ഞു.

''അയ്യോ, എന്റെ തളികയിൽനിന്നും ആരോ ഭക്ഷണം കഴിച്ചിരിക്കുന്നു...'' രണ്ടാമൻ അത്ഭുതത്തോടെ പറഞ്ഞു.

''ങ്ങേ.... എന്റെ റൊട്ടിക്കഷ്ണം ആരോ എടുത്തിരിക്കുന്നു...'' മൂന്നാമൻ കരഞ്ഞു.

''എന്റെ പച്ചക്കറി സാലഡ് ആരോ കഴിച്ചിട്ടുണ്ട്...'' നാലാമൻ പറഞ്ഞു.

''ആരോ എന്റെ മുൾകരണ്ടി ഉപയോഗിച്ചിരിക്കുന്നു...'' അഞ്ചാമനും പറഞ്ഞു.

''ആറാമനും വിങ്ങി, ''എന്റെ കത്തിയും ആരോ എടുത്തിട്ടുണ്ട്.!''

''എന്റെ കോപ്പയിൽ നിന്ന് ആരോ വീഞ്ഞെടുത്ത്കുടിച്ചിട്ടുണ്ട്.''ഏഴാമനുംഅഭിപ്രായപ്പെട്ടു.

ഏറ്റവും മുതിർന്ന കുള്ളൻ അപ്പോഴാണ് വിരി ചുളിഞ്ഞ തന്റെ മെത്ത ശ്രദ്ധിച്ചത്. മറ്റു കുള്ളന്മാരും തങ്ങളുടെ മെത്ത കൾ അതേ നിലയിലാണെന്ന് അറിയിച്ചുകൊണ്ട് ഓടിയെത്തി. എന്നാൽ ഏഴാമൻ സ്നോവൈറ്റിനെ തന്റെ മെത്തയിൽ കണ്ടെത്തിയ ആശ്ചര്യത്തോടെയാണ് അവരെ സമീപിച്ചത്. ഉറങ്ങുന്ന സ്നോവൈറ്റിനെ കാണുവാനായി തലകൾക്കു മീതെ റാന്തൽ വിളക്ക് ഉയർത്തിപ്പിടിച്ച കുള്ളന്മാരെ ആ പെൺകുട്ടിയുടെ സൗന്ദര്യം അതിശയപ്പെടുത്തി.

''എത്ര സുന്ദരിയായ പെൺകുട്ടിയാണിവൾ!'' ഏഴു പേരും അത്ഭുതം കൂറി.

ആ കൊച്ചു സുന്ദരിയെ നിദ്രയിൽനിന്നും ഉണർത്തേണ്ട എന്ന കുള്ളന്മാരുടെ തീരുമാനത്തിൽ സ്നോവൈറ്റ് ആ രാത്രി സുഖമായുറങ്ങി.

(തുടരും)